**വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ. പ്രിയങ്ക ജി IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് -ശൈശവ വിവാഹം സംബന്ധിച്ച് പരിശീലനം നൽകുന്നതിനു തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 30.06.2008 തീയതിയിലെ G.O(P)No.41/2008/SWD നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ് നം. DWCD/1491/2022-WEC4, തീയതി 18/05/2022**

പെൺകുട്ടികളുടെ വിദ്യാഭ്യാസ മേഖലയിൽ ഏറെ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് നിയമവിരുദ്ധമായി ശൈശവ വിവാഹം നടക്കുകയും ആയത് റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും ചെയ്യുന്ന പ്രവണത കണ്ടു വരുന്നുണ്ട്. പൊതുജന പങ്കാളിത്തത്തോടു കൂടി മാത്രമേ സാമൂഹ്യ വിപത്തായ ശൈശവ വിവാഹം പൂർണ്ണമായി നിരോധിക്കാൻ സാധിക്കുകയുള്ളൂ. അപ്രകാരം ശൈശവ വിവാഹം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തടയുന്നതിനുള്ള നടപടിയും, ശൈശവ വിവാഹം നടക്കാതിരിക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കേണ്ടതുണ്ട്.

ടി സാഹചര്യത്തിൽ ശൈശവ വിവാഹം തടയുന്നത് സംബന്ധിച്ചും, ശൈശവ വിവാഹത്തിന്റെ ദൂഷ്യ വശങ്ങൾ , ശൈശവ വിവാഹം തടയുന്നതിനായി വകുപ്പ് തലത്തിൽ പൊൻവാക്ക് പദ്ധതി നടപ്പാക്കുന്നത്, ശൈശവ വിവാഹ നിരോധന ആക്റ്റ് എന്നിവ സംബന്ധിച്ച് എല്ലാ ജില്ലയിലെയും ശിശു വികസന പദ്ധതി ഓഫീസർ മാർക്കും , ICDS സൂപ്പർ വൈസർമാർക്കും പരിശീലനം സംഘടിപ്പിക്കുന്നതിന് എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരം ആകെ 2,76,400/-രൂപ (രണ്ടു ലക്ഷത്തി എഴുപത്തി ആറായിരത്തി നാനൂറ് രൂപ മാത്രം ) അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | അനുവദിക്കുന്ന തുക |
|---|---|---|
| 1 | തിരുവനന്തപുരം | 16400 |
| 2 | കൊല്ലം | 20000 |

| | | |
|---|---|---|
| 3 | പത്തനംതിട്ട | 20000 |
| 4 | ആലപ്പുഴ | 20000 |
| 5 | കോട്ടയം | 20000 |
| 6 | ഇടുക്കി | 20000 |
| 7 | എറണാകുളം | 20000 |
| 8 | തൃശ്ശൂർ | 20000 |
| 9 | പാലക്കാട് | 20000 |
| 10 | മലപ്പുറം | 20000 |
| 11 | വയനാട് | 20000 |
| 12 | കോഴിക്കോട് | 20000 |
| 13 | കണ്ണൂർ | 20000 |
| 14 | കാസർഗോഡ്. | 20000 |
| | **Total** | **2,76,400** |

തിരുവനന്തപുരം ജില്ലയിലെ പരിശീലന പരിപാടി തിരുവനന്തപുരം ജില്ല വനിത ശിശു വികസന ഓഫീസർ 2022 മേയ് 25 ന് തിരുവനന്തപുരം PWD റസ്റ്റ് ഹൗസിൽ വെച്ച് സംഘടിപ്പിക്കേണ്ടതാണ്. ആയതിനുള്ള ഹാൾ വാടക തുകയായ 3600/- രൂപ ഈ കാര്യാലയത്തിൽ നിന്നും ഒടുക്കിയിട്ടുണ്ട്. മറ്റുള്ള ജില്ലകളിൽ 10.06.2022 തീയതിയ്ക്കകം പരിശീലനം സംഘടിപ്പിക്കേണ്ടതാണ്.

തുക മേൽ പട്ടിക പ്രകാരം ബന്ധപ്പെട്ട ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് അലോട്ട്മെന്റ് ആയി നൽകേണ്ടതും ടി ആവശ്യത്തിനുള്ള ആകെ 2,76,400/-രൂപ (രണ്ടു ലക്ഷത്തി എഴുപത്തി ആറായിരത്തി നാന്നൂറ് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-03(P) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതുമാണ്.

ജില്ല വനിത ശിശു വികസന ഓഫീസർമാർ പരിശീലനം സംഘടിപ്പിച്ച്

File No.DWCD/1491/2022-WEC4

15.06.2022 തീയതിയ്ക്കകം UC, SOE എന്നിവ സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
**വനിതാ ശിശു വികസന ഡയറക്ടർ**

പകർപ്പ് : എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും

1. സൂപ്രണ്ട്, എ സെക്ഷൻ) അലോട്ട്മെന്റ് അനുവദിക്കുന്നതിനായി

2. സ്റ്റോക്ക് ഫയൽ.

Signature valid

Digitally signed by Priyanka G
Date: 2022.05.18 12:18:00 IST
Reason: Approved